## 127

*രീതി: വൈഷ്ണവ ജനതോ*

ദേവനന്ദനനേ നിൻ പാദം വന്ദേ!
ജീവനായക! ദേവ! വന്ദേ! ദേവ

1 വാഴ്ത്തിടുന്നെന്നും നിൻകൃപകൾക്കായ്
പുകഴ്ത്തിടുന്നേ സ്തുതി ഗീതങ്ങളാലേ

2 എന്നുടെ പേർക്കായ് ക്രൂശിൽ മരിച്ചു
നിന്നുയിർപ്പിൻ നിറവെന്നിൽ നിറച്ചു-

3 നിസ്വനാമെന്നെ ധനികനാക്കിടാൻ
നിസ്വനായ്ത്തീർന്ന മഹേശാ! വന്ദേ!

4 രാജാധിരാജാ! പ്രേമസ്വരൂപാ!
പൂജിത ഭാസ്സെഴുന്ന നാഥാ വന്ദേ!

5 ദൈവവിരോധം എന്നിൽ നിന്നൊഴിപ്പാൻ
ദൈവ കോപാഗ്നിയിൽ നീ ദഹിച്ചല്ലോ

6 തിരുസന്നിധാനം എന്തഭിരാമം!
തൃപ്പദസേവയതെന്നഭിമാനം-

T.O.C